# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
### ഹാജർ - രാജൻ എം വി

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ശ്രീ. മുഹമ്മദ് മുസ്തഫ കെ (PEN 637634), മൂന്നാംതരം ഓവർസിയർക്ക് രണ്ടാംതരം ഓവർസിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ 04-07-2019 ലെ - ഇ22-11143/2018/ സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 18-07-2019 ലെ ഇ6-6160/12/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
3. ശ്രീ. മുഹമ്മദ് മുസ്തഫ കെ, മൂന്നാംതരം ഓവർസിയറുടെ 18-02-2020 ലെ അപേക്ഷ
4. 16-01-2020 ലെ സ.ഉ (സാധാ) നമ്പർ 143/2020/തസ്വഭവ ഉത്തരവ്

## ഉത്തരവ് നം. ഇ5/2383/2020/സിഇ/തസ്വഭവ തീയതി 26.02.2020

ഈ വകുപ്പിലെ മൂന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിലെ റാങ്ക് നമ്പർ 571 വരെ ഉള്ളവർക്ക് പരാമർശം (2) ഉത്തരവ് പ്രകാരം രണ്ടാംതരം ഓവർസിയർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. എന്നാൽ പരാമർശം (1) ഉത്തരവ് പ്രകാരം മൂന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ റാങ്ക് നമ്പർ 561(എ) ആയിട്ടുള്ള, കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ മൂന്നാംതരം ഓവർസിയർ ശ്രീ. മുഹമ്മദ് മുസ്തഫ കെ എന്നവർക്ക് രണ്ടാംതരം ഓവർസിയറായി സ്ഥാനക്കയറ്റം നൽകിയിട്ടില്ലാത്തതാണ്. ടിയാനെതിരെ നിലനിന്നിരുന്ന അച്ചടക്കനടപടി പരാമർശം (4) പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ പരിശോധിച്ചതിൽ പ്രകാരം ടിയാന് പ്രസ്തുത സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ശ്രീ. മുഹമ്മദ് മുസ്തഫ കെ (PEN 637634)-ക്ക് പരാമർശം (2) ഉത്തരവിലെ നിബന്ധനകളോടെ രണ്ടാംതരം ഓവർസിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ടും കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ കുറ്റ്യാടി ഗ്രാമപഞ്ചായത്തിൽ ടിയാനെ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

വ്യക്തിക്ക് (നിയന്ത്രണാധികാരി മുഖേന)

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ്:
1. കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്.
2. ബാലുശ്ശേരി/ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്.
3. കരുതൽ ഫയൽ